Reg. No. : ....................................

Name : ....................................

**FY 25**

Time : 2 Hours
Cool-off time : 15 Minutes

**IMPROVEMENT**
**JULY 2019**

Part – III

# CHEMISTRY

Maximum : 60 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**Answer all questions from 1 to 7. Each carries 1 Score.** **(7 × 1 = 7)**

1. Which of the following contains the maximum number of molecules ?

   (a) 1 g $N_2$ (b) 1 g $CO_2$

   (c) 1 g $H_2$ (d) 1 g $NH_3$

2. Represent the orbital with quantum numbers n = 5 and $l$ = 3.

3. Which property of liquids is associated with fire polishing of glass ?

4. In a process, 701 J of heat is absorbed by a system and 394 J of work is done by the system. The change in internal energy for the process is ______.

5. Name the compound used in Clark's method for the removal of hardness of water.

6. The alkali metal which has the highest reducing power is ______.

7. Name any one method used for the estimation of nitrogen present in an organic compound.

**Answer any 10 questions from 8 to 20. Each carries 2 Scores.** **(10 × 2 = 20)**

8. Real gases do not obey ideal gas equation under all conditions. Explain.

9. (a) Give the IUPAC name of the element with Atomic number 117. **(1)**

   (b) In the modern periodic table, elements in a given group have similar chemical properties. Give reason. **(1)**

10. Name the colourless toxic gas that is produced when $BF_3$ is heated with Sodium hydride (NaH) at 450K. Draw its structure.

**1 മുതൽ 7 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (7 × 1 = 7)**

1. ചുവടെ നല്കയിരിക്കുന്നവയിൽ ഏതിലാണ് ഏറ്റവും കൂടുതൽ തന്മാത്രകൾ ഉള്ളത്?

   (a) 1 ഗ്രാം $N_2$ (b) 1 ഗ്രാം $CO_2$

   (c) 1 ഗ്രാം $H_2$ (d) 1 ഗ്രാം $NH_3$

2. $n = 5, l = 3$ എന്നീ ക്വാണ്ടം സംഖ്യകൾ കൊണ്ട് സൂചിപ്പിക്കുന്ന ഓർബിറ്റൽ ഏതെന്ന് എഴുതുക.

3. ദ്രാവകങ്ങളുടെ ഏത് സ്വഭാവമാണ് ഗ്ലാസിന്റെ ഫയർ പോളിഷിങ്ങുമായി ബന്ധപ്പെട്ടത്?

4. ഒരു പ്രക്രിയയിൽ, വ്യൂഹം 701 J താപം ആഗിരണം ചെയ്യുകയും 394 J ചെലവഴിച്ച് പ്രവൃത്തി ചെയ്യുകയും ചെയ്തു. ഈ പ്രക്രിയയിലുണ്ടായ ആന്തരികോർജ്ജവ്യത്യാസം ______ ആണ്.

5. ജലകാഠിന്യം ഇല്ലാതാക്കുന്നതിനുള്ള ക്ലാർക്സ് മാർഗ്ഗത്തിൽ ഉപയോഗിക്കുന്ന സംയുക്തത്തിന്റെ പേരെഴുതുക.

6. നിരോക്സീകരണ സ്വഭാവം ഏറ്റവും കൂടിയ ആൽക്കലി ലോഹമാണ് ______.

7. ഒരു ഓർഗാനിക് സംയുക്തത്തിൽ അടങ്ങിയിരിക്കുന്ന നൈട്രജന്റെ അളവ് കണ്ടുപിടിക്കുന്നതിനുള്ള ഏതെങ്കിലുമൊരു മാർഗ്ഗത്തിന്റെ പേരെഴുതുക.

**8 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം. (10 × 2 = 20)**

8. യഥാർത്ഥ വാതകങ്ങൾ എല്ലാ സാഹചര്യങ്ങളിലും ആദർശവാതകസമവാക്യം അനുസരിക്കുന്നില്ല. വിശദീകരിക്കുക.

9. (a) അറ്റോമിക് നമ്പർ 117 ആയ മൂലകത്തിന്റെ IUPAC നാമം എഴുതുക. (1)

   (b) ആധുനിക ആവർത്തനപ്പട്ടികയിൽ ഒരു ഗ്രൂപ്പിലുള്ള മൂലകങ്ങൾക്ക് ഒരേ രാസസ്വഭാവങ്ങളാണുള്ളത്. കാരണമെന്ത്? (1)

10. $BF_3$-യെ സോഡിയം ഹൈഡ്രൈഡുമായി (NaH) 450K താപനിലയിൽ ചൂടാക്കുമ്പോൾ ഉണ്ടാകുന്ന വർണ്ണരഹിത വിഷ വാതകത്തിന്റെ പേരെന്ത്? അതിന്റെ ഘടന വരയ്ക്കുക.

11. Identify A and B in the following reaction :




12. For the equilibrium,

$2\,NOCl\,(g) \rightleftharpoons 2\,NO(g) + Cl_2(g)$

the value of equilibrium constant $K_p$ is $1.8 \times 10^{-2}$ at 500K. Calculate $K_c$ for this reaction at the same temperature.

13. The dipole moment of $BeF_2$ is zero, while that of $H_2O$ is 1.85 D. Account for this on the basis of their molecular structure.

14. An alkene on ozonolysis gives two molecules of ethanal. Identify the alkene. Draw its geometrical isomeric forms.

15. (a) A molecule of the type $AB_4E$ has 4 bond pairs of electrons and 1 lone pair of electron. Predict the most stable structure of this compound. **(1)**

(b) Hydrogen fluoride is a liquid, while hydrogen chloride is a gas. Why ? **(1)**

16. The threshold frequency for a metal is $7.0 \times 10^{14}\ s^{-1}$. Calculate the kinetic energy of an electron emitted when radiation of frequency (ν) $1.0 \times 10^{15}\ s^{-1}$ hits the metal.

17. Write the IUPAC names of the following compounds :

(i)

$$CH_3-CH_2-\underset{\displaystyle CH_2-CH_3}{\underset{|}{CH}}-\overset{\displaystyle CH_3}{\overset{|}{CH}}-CH_2-CH_3$$

(ii) 

11. താഴെക്കൊടുത്തിരിക്കുന്ന രാസപ്രവർത്തനത്തിൽ A, B എന്നിവ തിരിച്ചറിഞ്ഞെഴുതുക.




12. $2\,NOCl\,(g) \rightleftharpoons 2\,NO(g) + Cl_2(g)$

എന്ന സംതുലനവ്യൂഹത്തിൽ, 500 K താപനിലയിൽ സന്തുലന സ്ഥിരാങ്കം $K_p$ യുടെ മൂല്യം $1.8 \times 10^{-2}$ ആണ്. ഇതേ താപനിലയിൽ ഈ പ്രവർത്തനത്തിന്റെ $K_c$ യുടെ മൂല്യം കണക്കാക്കുക.

13. $BeF_2$-വിന്റെ ഡൈപോൾ മൊമന്റ് പൂജ്യമാണ്, എന്നാൽ $H_2O$ യുടേത് 1.85 D ആണ്. തന്മാത്രാഘടനയെ അടിസ്ഥാനമാക്കി ഇതിന്റെ കാരണം വ്യക്തമാക്കുക.

14. ഒരു ആൽക്കീൻ ഓസണോളിസിസിന് വിധേയമാക്കിയപ്പോൾ എഥനാലിന്റെ രണ്ടു തന്മാത്രകൾ ലഭിച്ചു. ഈ ആൽക്കീൻ എതെന്ന് തിരിച്ചറിഞ്ഞെഴുതുക. അതിന്റെ ജ്യാമിതീയ സമാവയവതാ (ജ്യോമെട്രിക്കൽ ഐസോമെറിക്) രൂപങ്ങൾ വരയ്ക്കുക.

15. (a) $AB_4E$ ഇനത്തിൽപ്പെടുന്ന ഒരു തന്മാത്രയിൽ 4 ബന്ധന ജോടി ഇലക്ട്രോണുകളും ഒരു ഏകാന്തജോടി ഇലക്ട്രോണുംഉണ്ട്. ഈ സംയുക്തത്തിന്റെ ഏറ്റവും സ്ഥിരതയുള്ള ഘടന പ്രവചിക്കുക. **(1)**

(b) ഹൈഡ്രജൻ ഫ്ലൂറൈഡ് ഒരു ദ്രാവകമാണ് എന്നാൽ ഹൈഡ്രജൻ ക്ലോറൈഡ് ഒരു വാതകമാണ്. എന്തുകൊണ്ട് ? **(1)**

16. ഒരു ലോഹത്തിന്റെ ത്രഷോൾഡ് ആവൃത്തി $7.0 \times 10^{14}\ s^{-1}$ ആണ്. ഈ ലോഹത്തിൽ $1.0 \times 10^{15}\ s^{-1}$ ആവൃത്തിയുള്ള ($\nu$) വികിരണങ്ങൾ പതിക്കുമ്പോൾ പുറന്തള്ളപ്പെടുന്ന ഇലക്ട്രോണിന്റെ ഗതികോർജ്ജം കണക്കാക്കുക.

17. താഴെക്കൊടുത്തിരിക്കുന്ന സംയുക്തങ്ങളുടെ IUPAC നാമങ്ങൾ എഴുതുക :

(i) $CH_3-CH_2-\underset{\displaystyle CH_2-CH_3}{\underset{|}{CH}}-\overset{\displaystyle CH_3}{\overset{|}{CH}}-CH_2-CH_3$

(ii) 

18. The std. enthalpies of formation of $CH_4$ (g), $CO_2$ (g) and $H_2O$ ($l$) at 298 K are $-74.81$ kJ $mol^{-1}$, $-393.5$ kJ $mol^{-1}$ and $-285.8$ kJ $mol^{-1}$ respectively. Calculate the std. enthalpy of the reaction :

$$CH_4(g) + 2\,O_2\,(g) \rightarrow CO_2\,(g) + 2H_2O\,(l)$$

19. Account for the following :

(a) The ionic radius of fluoride ion ($F^-$) is 136 pm, while the atomic radius of fluorine is only 64 pm. **(1)**

(b) The second ionization enthalpy of an element is always greater than that of the first ionization enthalpy. **(1)**

20. Give the Lewis concept of acids and bases with suitable example.

**Answer any 7 questions from 21 to 29. Each carries 3 Scores.** **(7 × 3 = 21)**

21. (a) Differentiate between classical smog and photochemical smog. **(2)**

(b) Suggest any two methods to control photochemical smog. **(1)**

22. (a) Lithium shows some properties which are different from other alkali metals. Give reason. **(1)**

(b) Match the following : **(2)**

| Compound | Use |
|---|---|
| (i) Baking Soda | (a) Purification of Bauxite |
| (ii) Caustic Soda | (b) Tooth paste |
| (iii) Plaster of Paris | (c) Antiseptic for skin infection |
| (iv) Lime Stone | (d) Purification of Sugar |
| | (e) Dentistry |

18. $CH_4$ (g), $CO_2$ (g), $H_2O$ ($l$) എന്നിവയുടെ 298 K താപനിലയിലെ രൂപീകരണ എൻഥാൽപികൾ യഥാക്രമം $-74.81\ kJ\ mol^{-1}$, $-393.5\ kJ\ mol^{-1}$, $-285.8\ kJ\ mol^{-1}$ എന്നിങ്ങനെയാണ്. ചുവടെ നൽകിയിരിക്കുന്ന രാസപ്രവർത്തനത്തിന്റെ പ്രതിപ്രവർത്തന എൻഥാൽപി കണക്കാക്കുക.

$CH_4(g) + 2\ O_2\ (g) \rightarrow CO_2\ (g) + 2H_2O\ (l)$

19. താഴെപ്പറയുന്നവയുടെ കാരണം വ്യക്തമാക്കുക :

(a) ഫ്ലൂറൈഡ് അയോണിന്റെ ($F^-$) അയോണിക ആരം 136 pm ആണെങ്കിലും ഫ്ലൂറിന്റെ അറ്റോമിക ആരം 64 pm മാത്രമാണ്. **(1)**

(b) ഒരു മൂലകത്തിന്റെ രണ്ടാം അയോണീകരണ എൻഥാൽപി അതിന്റെ ഒന്നാം അയോണീകരണ എൻഥാൽപിയേക്കാൾ എല്ലായ്പ്പോഴും കൂടുതലായിരിക്കും **(1)**

20. ആസിഡുകളെയും ബേസുകളെയും കുറിച്ചുള്ള ലൂയിസ് ആശയം ഉദാഹരണ സഹിതം വ്യക്തമാക്കുക.

**21 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരം എഴുതുക. 3 സ്കോർ വിതം.** **(7 × 3 = 21)**

21. (a) ക്ലാസിക്കൽ സ്മോഗും ഫോട്ടോകെമിക്കൽ സ്മോഗും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക. **(2)**

(b) ഫോട്ടോകെമിക്കൽ സ്മോഗ് നിയന്ത്രിക്കുന്നതിനുള്ള രണ്ടു മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക. **(1)**

22. (a) ലിഥിയം മറ്റ് ആൽക്കലി ലോഹങ്ങളിൽ നിന്നും വിഭിന്നമായ ചില സ്വഭാവങ്ങൾ കാണിക്കുന്നു. കാരണമെഴുതുക. **(1)**

(b) ചേരും പടി ചേർക്കുക: **(2)**

| സംയുക്തം | | ഉപയോഗം | |
|---|---|---|---|
| (i) | ബേക്കിംഗ് സോഡ | (a) | ബോക്സൈറ്റിന്റെ ശുദ്ധീകരണം |
| (ii) | കോസ്റ്റിക് സോഡ | (b) | ടൂത്ത് പേസ്റ്റ് |
| (iii) | പ്ലാസ്റ്റർ ഓഫ് പാരീസ് | (c) | ത്വക് രോഗങ്ങൾക്കുള്ള ആന്റിസെപ്റ്റിക് |
| (iv) | ചുണ്ണാമ്പുകല്ല് | (d) | പഞ്ചസാരയുടെ ശുദ്ധീകരണം |
| | | (e) | ദന്തചികിത്സ |

23. (a) In the reaction :

$Pb (s) + PbO_2(s) + 2H_2SO_4 (aq) \rightarrow 2 PbSO_4(s) + 2H_2O (l)$, identify the following.

(i) The substance oxidised

(ii) The substance reduced

(iii) The oxidising agent

(iv) The reducing agent **(2)**

(b) What is disproportionation reaction ? **(1)**

24. Draw the molecular orbital diagram for $F_2$ molecule. Account for its magnetic character.

25. Calculate the mass of $SO_3$ (g) produced, if 500 g $SO_2$ (g) reacts with 200 g $O_2$ (g) according to the equation : $2SO_2(g) + O_2(g) \rightarrow 2SO_3(g)$.

Identify the limiting reagent.

26. Briefly describe the following with suitable chemical equations :

(i) Wurtz reaction

(ii) Kharash effect

27. (a) If the concentration of hydrogen ion in a soft drink is $3 \times 10^{-3}$ M, calculate its pH. **(2)**

(b) An aqueous solution of NaCl is neutral, while that of $CuCl_2$ is acidic. Why ? **(1)**

28. (a) State Dalton's law of partial pressures. **(1)**

(b) Calculate the total pressure exerted by a mixture of 8g of $O_2$ and 4g of $H_2$ enclosed in a vessel of 1 $dm^3$ at 27 °C. R = 0.083 bar $dm^3$ $K^{-1}$ $mol^{-1}$. **(2)**

29. (a) Substantiate the amphoteric nature of water with suitable chemical equations. **(2)**

(b) What is meant by '100 volume $H_2O_2$' ? **(1)**

23. (a) $Pb\ (s) + PbO_2(s) + 2H_2SO_4\ (aq) \rightarrow 2\ PbSO_4(s) + 2H_2O\ (l)$, എന്ന രാസപ്രവർത്തനത്തിൽ താഴെപ്പറയുന്നവയെ തിരിച്ചറിഞ്ഞെഴുതുക.

(i) ഓക്സീകരിക്കപ്പെടുന്ന പദാർത്ഥം

(ii) നിരോക്സീകരിക്കപ്പെടുന്ന പദാർത്ഥം

(iii) ഓക്സീകാരി

(iv) നിരോക്സീകാരി **(2)**

(b) ഡിസ്പ്രൊപ്പോർഷനേഷൻ പ്രവർത്തനം എന്നാൽ എന്ത് ? **(1)**

24. $F_2$ തന്മാത്രയുടെ മോളിക്യുലാർ ഓർബിറ്റൽ ചിത്രീകരണം വരയ്ക്കുക. അതിന്റെ കാന്തിക സ്വഭാവം വ്യക്തമാക്കുക.

25. $2SO_2(g) + O_2(g) \rightarrow 2SO_3(g)$ എന്ന രാസസമവാക്യമനുസരിച്ച്, 500 ഗ്രാം $SO_2$ (g) 200 ഗ്രാം $O_2(g)$ നുമായി പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന $SO_3(g)$ യുടെ അളവ് കണക്കാക്കുക. ഇതിലെ ലിമിറ്റിംഗ് റീയേജന്റിനെ തിരിച്ചറിഞ്ഞെഴുതുക.

26. ഉചിതമായ രാസസമവാക്യങ്ങൾ ഉൾപ്പെടുത്തി താഴെക്കൊടുത്തിരിക്കുന്നവ ചുരുക്കി വിവരിക്കുക.

(i) വുർട്സ് പ്രവർത്തനം

(ii) ഖറാഷ് പ്രഭാവം

27. (a) ഹൈഡ്രജൻ അയോണിന്റെ ഗാഢത $3 \times 10^{-3}$ M ഉള്ള ഒരു ലഘു പാനീയത്തിന്റെ pH കണക്കാക്കുക. **(2)**

(b) NaC*l* ന്റെ ജലീയ ലായനി നിർവീര്യമാണ് എന്നാൽ $CuCl_2$ ന്റെ ജലീയലായനി അസിഡിക് സ്വഭാവമുള്ളതാണ്. എന്തുകൊണ്ട് ? **(1)**

28. (a) വാതകങ്ങളുടെ ഭാഗിക മർദ്ദവുമായി ബന്ധപ്പെട്ട ഡാൽട്ടൺ നിയമം എഴുതുക. **(1)**

(b) 27 °C താപനിലയിൽ 1 $dm^3$ വ്യാപ്തമുള്ള ഒരു പാത്രത്തിൽ 8 ഗ്രാം ഓക്സിജനും ($O_2$) 4 ഗ്രാം ഹൈഡ്രജനും ($H_2$) നിറച്ചിരിക്കുന്നു. ഈ മിശ്രിതത്തിന്റെ ആകെ മർദ്ദമെത്ര ?

$R = 0.083\ bar\ dm^3\ K^{-1}\ mol^{-1}$. **(2)**

29. (a) അനുയോജ്യമായ രാസസമവാക്യങ്ങളുടെ സഹായത്തോടെ ജലത്തിന്റെ ഉഭയധർമ്മി സ്വഭാവം സാധൂകരിക്കുക. **(2)**

(b) '100 വ്യാപ്തം $H_2O_2$' എന്നാൽ എന്ത്? **(1)**

**Answer any 3 questions from 30 to 33. Each carries 4 Scores.** **(3 × 4 = 12)**

30. What are the important observations and conclusions made by Rutherford from his alpha ray scattering experiment ? Give any two limitations of Rutherford's nuclear model of atom.

31. Write a short note on

    (a) fullerenes and

    (b) Silicates

32. (a) What is a spontaneous process ? **(1)**

    (b) For the reaction,

    $4Fe(s) + 3O_2(g) \rightarrow 2Fe_2O_3(s)$, the entropy change is $-549.4\ J\ K^{-1}\ mol^{-1}$ at 298 K. Inspite of the negative entropy change, why is the reaction spontaneous ? Given $\Delta H^\circ = -1648\ kJ\ mol^{-1}$. **(3)**

33. (a) Arrange the following carbocation in the increasing order of their stability :

    $CH_3-\overset{+}{C}H_2$, $\overset{+}{C}H_3$, $(CH_3)_3\overset{+}{C}$, $(CH_3)_2\overset{+}{C}H$

    Justify your answer on the basis of hyper conjugation. **(3)**

    (b) Define homolytic bond fission. **(1)**

---

**30 മുതൽ 33 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ വീതം.**

**$(3 \times 4 = 12)$**

30. റുഥർഫോർഡിന്റെ ആൽഫാവികിരണ വിസരണ പരീക്ഷണത്തിന്റെ പ്രധാനപ്പെട്ട നിരീക്ഷണങ്ങളും നിഗമനങ്ങളും എന്തെല്ലാം ? റുഥർഫോർഡിന്റെ ന്യൂക്ലിയാർ ആറ്റം മാതൃകയുടെ ഏതെങ്കിലും രണ്ടു പോരായ്മകൾ എഴുതുക.

31. (a) ഫുള്ളറീനുകൾ

    (b) സിലിക്കേറ്റുകൾ എന്നിവയെപ്പറ്റി ഒരു ലഘു കുറിപ്പ് എഴുതുക.

32. (a) സ്വയം പ്രവർത്തിത പ്രക്രിയ എന്നാലെന്ത്? **(1)**

    (b) $4Fe(s) + 3O_2(g) \rightarrow 2 Fe_2O_3(s)$ എന്ന രാസപ്രവർത്തനത്തിന്റെ 298 K താപനിലയിലെ എൻട്രോപി വ്യത്യാസം $-549.4\ J\ K^{-1}\ mol^{-1}$ ആണ്. ഈ പ്രവർത്തനത്തിന്റെ എൻട്രോപി വ്യത്യാസം നെഗറ്റീവാണെങ്കിലും ഇതൊരു സ്വയം പ്രവർത്തിത പ്രക്രിയയാകുന്നത് എന്തുകൊണ്ട്? $\Delta H° = -1648\ kJ\ mol^{-1}$. **(3)**

33. (a) താഴെക്കൊടുത്തിരിക്കുന്ന കാർബോകാറ്റയോണുകളെ അവയുടെ സ്ഥിരതയുടെ ആരോഹണക്രമത്തിൽ എഴുതുക :

    $CH_3-\overset{+}{C}H_2, \overset{+}{C}H_3, (CH_3)_3\overset{+}{C}, (CH_3)_2\overset{+}{C}H$

    ഹൈപ്പർകോൺജുഗേഷനെ ആധാരമാക്കി നിങ്ങളുടെ ഉത്തരം ന്യായീകരിക്കുക. **(3)**

    (b) സമാംശ വിഘടനം എന്താണെന്ന് നിർവചിക്കുക. **(1)**

---